(എ) സംസ്ഥാനത്ത് നെൽക്കർഷകർക്ക് നൽകി വരുന്ന വൈദ്യുതി സൗജന്യം എന്തൊക്കെയാണ്;

(ബി) കരയിൽ കൃഷി ചെയ്യുന്ന കർഷകർക്കും ഇത്തരം സൗജന്യം നൽകുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 1-8-1995 മുതൽ സംസ്ഥാനത്ത് നെൽകർഷകർക്ക് കൃഷി ഭൂമി പരിധിയില്ലാതെ വൈദ്യുതി സൗജന്യം ബാധകമാക്കിയിട്ടുണ്ട്.

(ബി) & (സി) രണ്ട് ഹെക്ടർ വരെയുള്ള മറ്റെല്ലാ കാർഷിക വിളകൾക്കും വൈദ്യുതി സൗജന്യം ബാധകമാക്കിയിട്ടുണ്ട്.

റോഡപകടങ്ങൾ തടയാൻ നടപടി

86 [399] ശ്രീ. ബിഃനായ് വിശ്വം:

.. മാങ്കോട് രാധാകൃഷ്ണൻ:

.. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോടികൾ മുടക്കി നടപ്പാക്കുന്ന റോഡുവികസന പദ്ധതികൾ അശാസ്ത്രീയവും ദീർഘ വീക്ഷണവുമില്ലാത്തതുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ശ്രദ്ധയിൽപ്പെട്ടതിനു ശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സംസഥാനത്ത് റോഡപകടങ്ങൾ തടയുന്നതിന് മരാമത്ത് വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഈ നടപടികൾ മൂലം സംസ്ഥാനത്ത് റോഡപകടങ്ങൾ തടയുന്നതിന് സാധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉണ്ട്. വാഹനപ്പെരുപ്പം, റോഡുകളുടെ അപര്യാപ്തത, അശ്രദ്ധമായ ഡ്രൈവിംഗ് ഇവ മൂലമുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുവാൻ റോഡ് സുരക്ഷാ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. ഇതിൽ ചീഫ് സെക്രട്ടറി, പൊതുമരാമത്ത് സെക്രട്ടറി, ഐ. ജി. ഓഫ് പോലീസ് (ട്രാഫിക്), ചീഫ് എഞ്ചിനീയർ റോഡ്സ്, ചീഫ് എഞ്ചിനീയർ എൻ. എച്ച്, ട്രാൻസ്പോർട്ട് കമ്മീഷണർ എന്നിവർ അംഗങ്ങളാണ്. റോഡ് സുരക്ഷ ഉറപ്പാക്കുവാൻ ഇതിനകം പലതവണ മീറ്റിംഗുകൾ നടത്തിയിട്ടുണ്ട്. ദേശീയ

LIBRARY ARCHIVES Kerala Legislative Assembly

പാതയിൽ അപകടങ്ങൾ നടക്കുന്ന സ്ഥലങ്ങളും നടന്ന സ്ഥലങ്ങളും അപടങ്ങൾ നടക്കുവാനുള്ള കാരണങ്ങളും അടങ്ങിയ റിപ്പോർട്ട് റോഡ് സേഫ്റ്റി കൗൺസിലിന് സമർപ്പിച്ചിട്ടുണ്ട്.

ദേശീയ പാതയിൽ വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ തടയുവാനും പ്രായോഗിക നിർദ്ദേശങ്ങൾ നൽകുവാനും മരാമത്ത് വകുപ്പിന്റെ കീഴിലുള്ള ഐ. എസ്. എ. പി./കെ. എസ്. റ്റി. പി. വിഭാഗത്തിന്റെ റോഡ് സേഫ്റ്റി കൗൺസിലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

അപകടങ്ങൾ ഒഴിവാക്കുവാനായി അപകട സാദ്ധ്യതയുള്ള ഭാഗങ്ങളിൽ മുന്നറിയിപ്പ് ബോർഡുകളും സിഗ്നൽ ലൈനുകളും ഹംബുകളും സ്ഥാപിച്ചിട്ടുണ്ട്. റോഡ് കൈയേറ്റങ്ങൾ ഒഴിപ്പിക്കുവാനും സാദ്ധ്യമായ സ്ഥലത്ത് റോഡിന് സെൻട്രൽ ലൈൻ ഇടുവാനും വെള്ളം ഒഴുക്കിക്കളയുന്നതിന് ഓടകൾ നിർമ്മിക്കുന്നതിനും ഡ്രൈവർമാരുടെ ശ്രദ്ധ തെറ്റിക്കുന്ന പരസ്യങ്ങൾ സ്ഥാപിക്കുന്നത് തടയുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരമുള്ള സൈൻ ബോർഡുകളും മാർക്കിംഗുകളും ദേശീയ പാതയിൽ യഥോചിതം സ്ഥാപിക്കുന്നുണ്ട്. ഒന്നാം ഘട്ടത്തിൽ എൻ. എച്ച്. 47-ലും രണ്ടാം ഘട്ടത്തിൽ മറ്റു റോഡുകളും പഠനം നടത്തി പ്രതിരോധ നടപടികൾ സ്വീകരിക്കാനാണ് തീരുമാനിച്ചിരുന്നത്. അത് പ്രകാരം നാഷണൽ ഹൈവേ 47-ൽ 74 അപകട സ്ഥലങ്ങളും 17-ൽ 42 സ്ഥലങ്ങളിലും പ്രതിരോധ നടപടികൾക്കായി 162 ലക്ഷം രൂപ വരുന്ന എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കെ. എസ്. റ്റി. പി. മുഖേന ഒന്നാം ഘട്ടത്തിൽ വിഭാവനം ചെയ്ത പണികൾ ഇപ്പോൾ പുരോഗമിച്ചുവരികയാണ്. നാഷണൽ ഹൈവേ 47-ൽ തിരുവനന്തപുരം മുതൽ കൊല്ലംവരെ മോഡൽ റോഡായി റോഡ് സുരക്ഷിത പണികൾ പുരോഗമിച്ചുവരുന്നു.

മറ്റ് പൊതുമരാമത്ത് റോഡ്സിലെ ഉദ്യോഗസ്ഥർക്കായുള്ള പരിശീലന പദ്ധതി 2005 മേയ് മാസം മുതൽ ആരംഭിച്ച് റോഡ് സുരക്ഷാ പണികൾ ചെയ്യുവാനുള്ള കഴിവുകൾ ഉയർത്തുകയും അതതു ഡിവിഷനുകളിലെ റോഡുകളിൽ അപകട മേഖലകളിലെ പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിന് പ്രാപ്തരാക്കുകയും ചെയ്തിട്ടുണ്ട്.

കേരളാ പോലീസ് സേനയുടെ അപകട വിവരശേഖരണം വേഗത്തിലും കുറ്റമറ്റതുമാക്കുന്നതിനായി കൃത്രിമോപഗ്രഹങ്ങളുടെ സഹായത്തോടെ തയ്യാറാക്കിയ ജിയോ ഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഒരു റോഡപകട ഡേറ്റാ ബേസ് സോഫ്റ്റ് വെയർ കേരളത്തിൽ തന്നെ നിർമ്മിക്കുകയും അത് പോലീസ് സേനയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ റോഡ് സുരക്ഷാ സെൽ നിരീക്ഷിച്ചു വരുന്നു.

(സി) ഉണ്ട്.

2/286/12-16

LIBRARY ARCHIVES Kerala Legislative Assembly